**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഒഡെപെക് മുഖേന വിദേശ തൊഴിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഒഡെപെക് മുഖേന വിദേശ ജോലി ലഭിക്കുന്നത് സംബന്ധിച്ച് കോവിഡാനന്തരം എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത് എന്ന് അറിയിക്കാമോ; ജോലി ലഭ്യതയിൽ വർദ്ധനയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ ഫലമായി വിദേശതൊഴിൽ മേഖലയിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും മറ്റ് മേഖലകളിൽ അവസരങ്ങൾ കുറയുകയാണുണ്ടായത്. കോവിഡ് കാലത്ത് വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ആരോഗ്യ മേഖലയിലെ അവസരങ്ങളിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. ഈ കാലയളവിൽ ഒഡെപെക് മുഖേന ഡോക്ടർ, നഴ്സ് തുടങ്ങിയ ധാരാളം ആരോഗ്യപ്രവർത്തകർക്ക് സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും വിവിധ ആശുപത്രികളിലേയ്ക്ക് നിയമനം ലഭിക്കുകയുണ്ടായി. ചില വിദേശ രാജ്യങ്ങൾ പ്രത്യേക തസ്തികകൾക്ക് ലോക്കലൈസേഷൻ ഏർപ്പെടുത്തിയത് തൊഴിലവസരങ്ങൾ കുറയ്ക്കാൻ ഇടയായിട്ടുണ്ട്. |
| (ബി) | വിദഗ്ദ്ധ വിഭാഗം തൊഴിലന്വേഷകർക്ക് പുറമേ അർദ്ധവിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികളടക്കമുള്ള മറ്റ് തൊഴിലാളികൾക്കും ഒഡെപെക് മുഖേന വിദേശ തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | വിദഗ്ദ്ധ വിഭാഗം തൊഴിലന്വേഷകർക്ക് പുറമെ അർദ്ധവിദഗ്ദ്ധ തൊഴിലാളികളടക്കമുള്ള മറ്റ് തൊഴിലാളികൾക്കും ഒഡെപെക് മുഖേന തൊഴിലവസരങ്ങൾ ഒരുക്കുന്നുണ്ട്. വിദേശ തൊഴിൽ ദാതാക്കളുടെ ആവശ്യാനുസരണം ഏത് മേഖലയിലുള്ളവർക്കും തൊഴിൽ അവസരങ്ങൾ നൽകാൻ ഒഡെപെക് സജ്ജമാണ്. കോവിഡ് കാലഘട്ടത്തിന് മുമ്പ്, വിവിധ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് മേസൺ, ഓട്ടോ ഇലക്ട്രീഷ്യൻ, ഫിറ്റർ, മെക്കാനിക്ക്, പെയിന്റർ, കുക്ക്, ഡ്രൈവർ എന്നിങ്ങനെയുള്ള വിവിധ തസ്തികകളിലേയ്ക്ക് ഒഡെപെക് നിയമനം നടത്തിയിരുന്നു. സൗദി അറേബ്യയിലേയ്ക്ക് ഹൗസ് മെയിഡ്, ഡ്രൈവർ എന്നീ തസ്തികകളിലേയ്ക്കും ബഹറിനിലേയ്ക്ക് ഹൗസ് മെയിഡ് തസ്തികയിലേയ്ക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചു |

| | | | |
|---|---|---|---|
| | | | കഴിഞ്ഞു. ഇതുകൂടാതെ യു.എ.ഇ യിലെ പ്രമുഖ സ്കൂളിലേയ്ക്ക് സപ്പോർട്ട് സ്റ്റാഫുകളുടെ നിയമനവും നടക്കുന്നുണ്ട്. തായ് വാനിലെ പ്രമുഖ എയർ കാറ്ററിംഗ് കമ്പനിയിൽ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു. |
| (സി) | വിദേശത്ത് ഉപരിപഠനത്തിനുള്ള സൗകര്യം ഒഡെപെക് ഏർപ്പെടുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | യു.എസ്.എ, കാനഡ, ആസ്ട്രേലിയ, യു.കെ, ന്യൂസിലാന്റ്, ചെക്, ഉക്രെയിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പഠിച്ച് ഉന്നതബിരുദവും ബിരുദാനന്തരബിരുദവും കൈവശ മാക്കുന്നതിനും തുടർന്ന് അവർക്ക് ഉന്നത ജോലി ഉറപ്പാക്കുന്നതിനുമായി "സ്റ്റഡി എബ്രോഡ്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | വിദേശത്ത് തൊഴിലിനും ഉപരിപഠനത്തിനും ആവശ്യമായ ഭാഷാപഠനങ്ങൾക്ക് ഒഡെപെക് സൗകര്യം ചെയ്തുനൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | യൂറോപ്യൻ രാജ്യങ്ങളിലേക്കാവശ്യമായ IELTS/OET, ജർമ്മനിയിലേയ്ക്ക് വേണ്ടി ജർമ്മൻ ഭാഷ, ബെൽജിയത്തിലേയ്ക്ക് വേണ്ടി ഡച്ച് ഭാഷ എന്നീ വിദേശഭാഷാ പരിശീലനത്തിനു പുറമെ ഗൾഫ് രാജ്യങ്ങളിലെ നഴ്സിംഗ് രജിസ്ട്രേഷനാവശ്യമായ HAAD, DHA, Prometric, MOH എന്നീ പരീക്ഷകൾക്കാവശ്യമായ പരിശീലനങ്ങളും ഒഡെപെക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ